**സർക്കുലർ**

127/4/NSS/DHSE/2017 10 /10/2017

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രജതജൂബിലി പതാകാനൗക പദ്ധതികളിലൊന്നായ **അക്ഷരദീപം** വിജ്ഞാന കൈരളി വായനക്കൂട്ടത്തിന്റെ സംസ്ഥാനതല പരിശീലന പരിപാടി ഒക്ടോബർ 4,5 തീയതികളിൽ വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച മുഴുവൻ എൻഎസ്എസ് പ്രോഗ്രാംഓഫീസർമാരെയും പി.എ.സി അംഗങ്ങളെയും ജില്ലാ കൺവീനർമാരെയും അതിലുപരി പ്രസ്തുത പരിശീലനവുമായി സഹകരിച്ച പ്രോഗ്രാംഓഫീസർ അല്ലാത്ത മുഴുവൻ അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നാഷണൽ സർവ്വീസ് സ്കീം, ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ അക്കാദമിക് ഉന്നമനം ലക്ഷ്യമാക്കി രൂപംനൽകിയ ഈ പദ്ധതി ഹയർ സെക്കണ്ടറി എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് പുത്തൻ ദിശാബോധം പകർന്ന് നൽകുമെന്ന് വിലയിരുത്തുന്നു. രജതജൂബിലിയുടെ മറ്റുപദ്ധതികൾക്കൊപ്പം ക്രമാനുഗതമായി ഈ പ്രവർത്തനവും പുരോഗമിക്കുകയാണ്. അതിനായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അദ്ധ്യാപകരും ബഹു.പ്രിൻസിപ്പൽമാരും സ്കൂളിലെ പി.ടി.എ അടക്കമുള്ള മറ്റു പിന്തുണാ സംവിധാനങ്ങളും പദ്ധതി വിജയത്തിനായി ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതാണ്.

പരിശീലനത്തിന്റെ രണ്ടാം ഘട്ടമായ ജില്ലാതല പരിശീലന പരിപാടികൾ അടിയന്തിരമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഒക്ടോബർ 15 നു മുൻപുള്ള ഒരു ദിവസം അതാത് ജില്ലാ പ്രോഗ്രാം കൺവീനർമാർ പരിശീലനത്തി

നായി തിരഞ്ഞെടുത്ത് തീയതിയും സ്ഥലവും മുൻകുട്ടി എൻ.എസ്.എസ്.സെല്ലിൽ അറിയിക്കേണ്ടതാണ്. ജില്ലാപരിശീലനത്തിലേക്ക് പ്രോഗ്രാംഓഫീസറെ കൂടാതെ ഒരു അദ്ധ്യാപകൻ/ അദ്ധ്യാപിക എങ്കിലും പങ്കെടുക്കുന്നുവെന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

സ്കൂൾതല പരിശീലനം ഒക്ടോബർ മാസം 21-ാം തിയതി എല്ലാ സ്കൂളിലും എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ മുഴുവൻ ഒന്നാംവർഷ വിദ്യാർത്ഥികൾക്കുവേണ്ടിയും സംഘടിപ്പിക്കേണ്ടതാണ്. അന്നേ ദിവസം വായനക്കൂട്ട ദിനമായി ആചരിക്കേണ്ടതും ഉച്ചയ്ക്കുശേഷം വായനക്കുട്ടം രൂപീകരിച്ച് ഭാരവാഹി തിരഞ്ഞടുപ്പ് പൂർത്തിയാക്കി വായനക്കൂട്ടത്തിന്റെ പേരും ഭാരവാഹികളുടെ ലിസ്റ്റും അതാത് പ്രോഗ്രാം ഓഫീസർമാർ ജില്ലാ കൺവീനർമാർക്ക് കൈമാറേണ്ടതാണ്.

ഒക്ടോബർ 23 മുതൽ 30 വരെ വായനക്കുട്ടത്തിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള പ്രവർത്തനം പൂർത്തികരിച്ച് 30-ാം തീയതി ജില്ലാ കൺവീനർമാരെ ഏൽപ്പിക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ പ്രസ്തുത ലിസ്റ്റുകൾ ക്രോഡീകരിച്ച് വിദ്യാലയങ്ങളുടെ പൂർണ്ണമായ മേൽവിലാസം (പിൻ കോഡ് സഹിതം) ഉൾപ്പടെ നവംബർ 1-ാം തീയതി നടക്കുന്ന ജില്ലാ കൺവീനർമാരുടെ യോഗത്തിൽ വച്ച് അക്ഷരദീപം - വിജ്ഞാന കൈരളി വായനക്കൂട്ടത്തിന്റെ സംസ്ഥാന കൺവീനർ ശ്രീ.ബിജുകുമാറിന് കൈ മാറേണ്ടതാണ്.

ഒരു വായനകൂട്ടത്തിൽ ഇരുപത്തിയഞ്ച് വിജ്ഞാന കൈരളി മാസികകളാണ് ഉണ്ടാക്കേണ്ടത്. എൻഎസ്എസ് യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളുകളിൽ ഇത്തരത്തിൽ നാലു വായനക്കൂട്ടങ്ങളാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. എന്നാൽ ഇതിനു വേണ്ടി ഒരു വിദ്യാർത്ഥിയേയും നിർബ്ബന്ധിക്കുകയോ പ്രായസപ്പെടുത്തുകയോ ചെയ്യാൻ പാടില്ല. പൂർവ്വവിദ്യാർത്ഥികൾ, പ്രാദേശിക ലൈബ്രറി പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ,സ്കൂൾ പിടിഎ തുടങ്ങി വ്യക്തികളുടെയോ സ്ഥാപനങ്ങ

ളുയോ സംഘടനകളുടെയോ സഹായം ഇക്കാര്യത്തിൽ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

വായനക്കൂട്ട പ്രവർത്തനത്തിനായി പുസ്തകങ്ങൾ,വർത്തമാനപത്രങ്ങൾ എന്നിവ ക്രമമായി ആവശ്യമുണ്ട്. പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറിയും പ്രാദേശിക ലൈബ്രറികളും കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള പ്രവർത്തനങ്ങൾ എൻഎസ്എസ് പ്രവർത്തനത്തിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ട താണ്.ഇതിനാവശ്യമായി വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ വ്യത്യസ്ത വർത്തമാന പത്രങ്ങൾ എന്നിവ പ്രാദേശികമായി സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ പദ്ധതി നടത്തിപ്പിനായി പൊതുവായി വേണ്ട ആനുകാലികപ്രസിദ്ധീകരണമായിട്ടാണ് വിജ്ഞാന കൈരളി മാസിക തിരഞ്ഞെടുത്തിട്ടുള്ളത്. ദേശീയ/സംസ്ഥാന തലങ്ങളിൽ പ്രശസ്തരായ വ്യക്തികളുടെ മികച്ച ലേഖനങ്ങളും പഠനങ്ങളും ഉൾക്കൊള്ളിക്കുന്ന സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ മാണ് വിജ്ഞാന കൈരളി. ഇതിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ഗുണകര മായ രീതിയിൽ അവരുടെയും അദ്ധ്യാപകരുടെയും സാഹിത്യ സൃഷ്ടികളും ഹയർ സെക്കണ്ടറി പാഠഭാഗങ്ങളെ ആസ്പദമാക്കി ലേഖനങ്ങളും ഉൾപ്പെടുത്താനുള്ള നിർദേശം ഇൻസ്റ്റിറ്റ്യൂട്ട് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

നാഷണൽ സർവ്വീസ് സ്കീമിന്റെ രജതജൂബിലി പതാകാനൗക പദ്ധതികളിലൊന്നായ **അക്ഷരദീപം** വിജ്ഞാന കൈരളി വായനക്കൂങ്ങൾ നമ്മുടെ വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പിക്കാനും അവരുടെ അന്വേഷണത്വരയും ശാസ്ത്രാവബോധവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന ഒന്നാണ്. പ്രസ്തുത പരിപാടി യിൽ മുഴുവൻ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമരുടെയും അദ്ധ്യാപകരുടെയും സഹകരണം ഉണ്ടാകണം.

അക്ഷരദീപം വിജ്ഞാനകൈരളി വായനക്കൂട്ടം ജില്ലാതല പരിശീലന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. തീയതികൾ ജില്ലാ പ്രോഗ്രാം കൺവീനർമാർ അറിയിക്കുന്നതാണ്.

| DISTRICT | Venue |
|---|---|
| Thiruvananthapuram | Govt.Model Boys HSS Thycaud, Thiruvananthapuram |
| Kollam | TKM HSS Karikode, Kollam |
| Pathanamthitta | Catholicate HSS , Pathanamthitta |
| Alappuzha | 1.SNMHSS Purakkad<br>2.Bishop Hodges HSS Mavelikkara |
| Kottayam | St.Marys HSS Kidangoor, Kottayam |
| Eranakulam | Govt.Boys HSS Aluva, Ernakulam |
| Idukki | Govt.HSS Thodupuzha, Idukki |
| Thrissur | Govt.Model Boys HSS Irinjalakkuda |
| Palakkad | PMGM HSS Palakkad |
| Malappuram | MMET HSS Malappuram |
| Kozhikode | Nanminda HSS Nanminda, Kozhikode<br>GHSS Naduvannoor, Kozhikode<br>Zamorians HSS Thali, Kozhikode<br>Kunnamangalam HSS Kozhikode |
| Wayanad | SKJM HSS Kalpatta, Wayanad |
| Kannur | St.Theresas Anglo Indian HSS Kannur |
| Kasaragod | GHSS Hosdurg Kasaragod |

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ